നടുറോഡിൽ പൊലീസിനെ വളഞ്ഞിട്ട് മർദ്ദിച്ച കേസ്

പ്രധാന പ്രതികളെ രക്ഷിക്കാൻ ശ്രമം; പരാതിയുമായി പൊലീസ്

തിരുവനന്തപുരം: ട്രാഫിക് ഡ്യൂട്ടിയിലുണ്ടായിരുന്ന മൂന്ന് പൊലീസുകാരെ വളഞ്ഞിട്ട് മർദ്ദിച്ച കേസിലെ പ്രധാന പ്രതികളായ എസ്.എഫ്.ഐക്കാരെ രക്ഷിക്കാൻഉന്നതതലശ്രമം നടക്കുന്നതായി ആക്ഷേപം ഉയർന്നു.

ഒളിവിലുള്ള എസ്.എഫ്.ഐ നേതാവായ പ്രധാന പ്രതിയും യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിയുമായ നസീമിനെ പിടികൂടാതെ സംരക്ഷിക്കുകയാണെന്ന പരാതിയുമായി പൊലീസുകാരും പൊലീസ് സംഘടനകളും രംഗത്തെത്തി. നസിമിനെ അറസ്റ്റ് ചെയ്യണമെന്നാവശ്യപെട്ട്, ചികിത്സയിൽ കഴിയുന്ന എസ്.എ.പിയിലെ പൊലീസുകാരനായ ശരത് കൺന്റോൺമെന്റ് സി.ഐക്ക് പരാതി നൽകി. പൊലീസിനെ അക്രമിച്ച ഏഴംഗ സംഘത്തിൽ ആരോമൽ, അഖിൽ, ശ്രീജിത്, ഹൈദർ എന്നിവർ മാത്രമാണ് കീഴടങ്ങിയതെന്നും നസീം ഒളിവിലാണെന്നും കണ്ടാലറിയാവുന്ന മറ്റ് രണ്ട് പേരെ പിടികൂടാത്തത് പൊലീസിന്റെ മനോവീര്യം തകർക്കുമെന്നും പരാതിയിലുണ്ട്.

പൂജപ്പുര പൊലീസ് സ്റ്റേഷനിൽ കീഴടങ്ങിയ എസ്.എഫ്.ഐ പ്രവർത്തകരായ ഹൈദർ, ശ്രീജിത്ത്, എസ്. അഖിൽ, ആരോമൽ അശോക് എന്നിവർ

നസീം അനധികൃതമായി ആയുധം കൈവശംവച്ച കേസിൽ വാറണ്ടുള്ള പ്രതിയായതിനാലാണ് അറസ്റ്റ് ചെയ്യാത്തതെന്ന് ആരോപണമുണ്ട്. ആയുധ നിയമപ്രകാരം അറസ്റ്റിലായാൽ ജാമ്യം കിട്ടില്ല. അതിനാൽ അയാളെ സംരക്ഷിക്കുകയാണത്രേ.

പൊലീസുകാർ ആക്രമിക്കപ്പെട്ടതറിഞ്ഞ് പാളയത്ത് എത്തിയിട്ടും അക്രമം തടയുകയോ ഒരു പ്രതിയെ പോലും കസ്റ്റഡിയിലെടുക്കുകയോ ചെയ്യാത്ത കൺന്റോൺമെന്റ് സ്റ്റേഷനിലെ അഡിഷണൽ എസ്.ഐമാരെയും സംരക്ഷിക്കുകയാണ്.

ഇവർക്ക് ഗുരുതരമായ വീഴ്ചയുണ്ടായെന്നും ഇവരുടെ നടപടി പൊലീസിനും സർക്കാരിനും നാണക്കേട് ഉണ്ടാക്കിയെന്നും സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവരോട് വിശദീകരണം ചോദിച്ചിട്ടുപോലുമില്ല.

അയിരൂപ്പാറ പ്ലാമൂട് വർണം വീട്ടിൽ ആരോമൽ (21), പ്രാവച്ചമ്പലം പകലൂർ പൊന്തക്കാട്ടുവിള വീട്ടിൽ അഖിൽ (21), ബാലരാമപുരം വഴിമുക്ക് ഹൈദർ പാലസിൽ ഹൈദർ ഷാനവാസ് (21), പാച്ചല്ലൂർ പാറവിള പഴവിള വീട്ടിൽ എസ്.ശ്രീജിത്ത് (21) എന്നിവരാണ് പൊലീസിൽ കീഴടങ്ങിയത്. ഇവർ കീഴടങ്ങുന്നതിന് മുമ്പ് തന്നെ കൺന്റോൺമെന്റ് അസിസ്റ്റന്റ് കമ്മിഷണർ പൂജപ്പുര സ്റ്റേഷനിലെത്തിയിരുന്നു.

സി.പി.എമ്മിന്റെ പ്രാദേശിക നേതാക്കളും സ്ഥലത്തെത്തി. ഇവരെ അറസ്റ്റ് ചെയ്യാൻ പൊലീസ് തയ്യാറായില്ല. കൺന്റോൺമെന്റ് സി.ഐയും എസ്.ഐയും പൂജപ്പുര സ്റ്റേഷനിലെത്തി പ്രതികളെ കാത്തിരുന്നു.

രേഖകളിൽ ഒപ്പിട്ടശേഷം സി.ഐയും എസ്.ഐയും പ്രതികളെ ഏറ്റുവാങ്ങി കന്റോൺമെന്റ് സ്റ്റേഷനിലേക്ക് കൊണ്ടുവന്നു. രാത്രിയോടെയാണ് മജിസ്ട്രേറ്റിനു മുന്നിൽ ഹാജരാക്കി റിമാൻഡ് ചെയ്തത്.

എസ്.എ.പി ക്യാമ്പിലെ പൊലീസുകാരായ അമൽകൃഷ്ണ, വിനയചന്ദ്രൻ, ശരത് എന്നിവർക്ക് പരിക്കേറ്റ ആക്രമണത്തിൽ ആറ് എസ്.എഫ്.ഐക്കാരെയാണ് പൊലീസ് പ്രതിചേർത്തത്. ഇരുപതിലേറെപേർ മർദ്ദനം നടത്തിയെന്ന് സി.സി ടിവി ദൃശ്യങ്ങളിൽ വ്യക്തമാണ്.

പൊലീസിൽ പ്രതിഷേധം പുകയുന്നു

തിരുവനന്തപുരം: പൊലീസുകാരെ റോഡിലിട്ട് മർദ്ദിച്ച കേസിൽ പ്രതികളായ എസ്.എഫ്.ഐക്കാരെ രക്ഷിക്കുന്ന നിലപാടിൽ പൊലീസിൽ പ്രതിഷേധം പുകയുന്നു. കഴുത്തിന് ഗുരുതര ക്ഷതമേറ്റ ശരത് ഇപ്പോഴും ചികിത്സയിലാണ്.

മൊഴിയെടുക്കാനെന്ന വ്യാജേന ശരത്തിനെ നിർബന്ധിച്ച് ഡിസ്ചാർജ് ചെയ്ത് സ്റ്റേഷനിലെത്തിച്ചത് കന്റോൺമെന്റ് സി.ഐയായിരുന്നു. വേദന അസഹ്യമായി ശരത്തിന് ദേഹാസ്വാസ്ഥ്യം ഉണ്ടായപ്പോഴാണ് വീണ്ടും ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. സി.ഐക്കെതിരെ നടപടിയെടുക്കണമെന്നാണ് പൊലീസുകാരുടെ ആവശ്യം.

അതിനിടെ ഗതാഗത ലംഘനം നടത്തിയ വിദ്യാർത്ഥികളെ തടഞ്ഞ പൊലീസുകാരെ എസ്.എഫ്.ഐ പ്രവർത്തകർ മർദ്ദിക്കുന്ന സിസി ടി.വി ദൃശ്യങ്ങൾ ചോർന്നതിനെ കുറിച്ച് അന്വേഷണം തുടങ്ങി. നിയമസഭാ സമ്മേളനം നടക്കുമ്പോൾ സർക്കാരിനെ പ്രതിക്കൂട്ടിലാക്കുന്ന ദൃശ്യങ്ങൾ പൊലീസിൽ നിന്നുതന്നെ പുറത്തായത് വളരെ ഗൗരവമായിട്ടാണ് ആഭ്യന്തരവകുപ്പ് കാണുന്നത്. ഇതേക്കുറിച്ച് അന്വേഷണം നടത്താൻ റേഞ്ച് ഐ.ജി മനോജ് എബ്രഹാം ഉത്തരവിട്ടിരുന്നു.

സിറ്റി പൊലീസ് കമ്മിഷണർ പി. പ്രകാശിനാണ് അന്വേഷണച്ചുമതല. ക്രിമിനൽ സ്വഭാവമുള്ള കേസുകളുടെ ദൃശ്യങ്ങൾ പുറത്തുനൽകാൻ പാടില്ലെന്ന നിർദ്ദേശം നിലനിൽക്കുമ്പോഴാണ് ദൃശ്യങ്ങൾ പുറത്തുപോയത്. ദൃശ്യങ്ങൾ സൂക്ഷിക്കാൻ ചുമതലയുള്ള ഉദ്യോഗസ്ഥരെ കണ്ടെത്താനാകുമെങ്കിലും നടപടി വേണ്ടെന്ന നിലപാടിലാണ് പൊലീസ് സംഘടനകൾ.

കുറഞ്ഞ ശിക്ഷയുള്ള വകുപ്പുകൾ ചേർത്ത് കേസ് രജിസ്റ്റർ ചെയ്യാമെന്ന ഉറപ്പിലാണ് നാലു പ്രതികളെ സ്റ്റേഷനിലേക്ക് കൊണ്ടുവന്നതെന്നും പൊലീസിൽ ആരോപണമുണ്ട്.

കരുതിക്കൂട്ടി പൊലീസിനെ ആക്രമിച്ചെന്ന വകുപ്പുകൾ ഒഴിവാക്കി ദുർബലമായ വകുപ്പുകളാണ് ചുമത്തിയതെന്നും പൊലീസുകാർ പറയുന്നു. അക്രമം നടത്തിയശേഷം കടന്നുകളയാൻ പ്രതികൾക്ക് പൊലീസ് തന്നെ സൗകര്യമൊരുക്കിയെന്നും ആക്ഷേപമുണ്ട്. സ്ഥലത്തെത്തിയ രണ്ട് എ.എസ്.ഐമാർ പ്രതികളെ പിടികൂടിയില്ല.

അവർ നോക്കി നിൽക്കേ ബൈക്കുമെടുത്ത് അക്രമികൾ കടന്നുകളഞ്ഞു. കൂട്ടത്തൽ പൊലീസിനെ ആവശ്യപ്പെടുകയോ സ്ഥിതിഗതികൾ കൺട്രോൾ റൂമിൽ കൃത്യമായി ധരിപ്പിക്കുകയോ ചെയ്തില്ലെന്നും ആരോപണമുണ്ട്.

ഇവരെ രക്ഷിക്കാൻ പൊലീസിലെ ഇടത് സംഘടന രംഗത്തെത്തിയിട്ടുണ്ട്.

കേരള നിർമ്മാണ തൊഴിലാളി കോൺഗ്രസ് (ഐ.എൻ.ടി.യു.സി) ജില്ലാ ഭാരവാഹികളായ തോംസൺ ലോറൻസ് (പ്രസിഡന്റ്), ശാന്തമംഗലം വനജൻ (ജനറൽ സെക്രട്ടറി) എന്നിവർ

ഇന്ന് വിവാഹിതരാകുന്നു (16/12/2018)

ഉണ്ണികണ്ണൻ
S/O R. രാജേന്ദ്രൻ & സിന്ധു രാജേന്ദ്രൻ
രാജ് ഭവൻ, അവനവൻചേരി
ആറ്റിങ്ങൽ, തിരുവനന്തപുരം

ദേവിക
D/O D. സുനിൽ
(കേരളകൗമുദി, കല്ലമ്പലം ഏജന്റ്)
& N. ലതികാമണി, മണിമുറ്റം കല്ലമ്പലം
തിരുവനന്തപുരം 9447697144

മുഹൂർത്തം : പകൽ 11.30 നും 12.10 നും മധ്യേ
വിവാഹസ്ഥലം : ജാഗി കൺവെൻഷൻ സെന്റർ, കല്ലമ്പലം
ആശംസകളോടെ കേരളകൗമുദി, തിരുവനന്തപുരം

തൊഴുവൻകോട് ശ്രീ ചാമുണ്ഡീദേവിക്ഷേത്ര ഉത്സവം
2019 ജനുവരി 17 മുതൽ 27 വരെ
പൊങ്കാല ജനുവരി 27 ഞായറാഴ്ച രാവിലെ 5.30 മുതൽ

തിരുവനന്തപുരം: വട്ടിയൂർക്കാവ് തൊഴുവൻകോട് ശ്രീ ചാമുണ്ഡി ദേവി ക്ഷേത്രത്തിലെ ഉത്സവം ജനുവരി 17 ന് ആരംഭിച്ച് 27 - ന് സമാപിക്കും. ഉത്സവദിവസങ്ങളിൽ എല്ലാ ദിവസവും രാവിലെ 5 മണി മുതൽ ഗണപതി ഹോമം ഉണ്ടായിരിക്കും. പതിനൊന്നാം ഉത്സവദിവസം ഒഴികെ രാവിലെ 7 മണി മുതൽ 9 മണി വരെ നവഗ്രഹ ഹോമവും, നവഗ്രഹ പൂജയും, വൈകുന്നേരം 5.30 മുതൽ 9 മണി വരെ ശ്രീചക്രപൂജയും ഉണ്ടായിരിക്കുന്നതാണ്. ഒന്നാം ഉത്സവം മുതൽ നാലാം ഉത്സവം വരെ രാവിലെ ആറു മണി മുതൽ വൈകുന്നേരം 6 വരെ അഖണ്ഡ നാമജപവും, അഞ്ചാം ഉത്സവം മുതൽ 11-ാം ഉത്സവം വരെ രാവിലെ 6 മുതൽ വൈകുന്നേരം 6 വരെ സപ്താഹവും നടക്കും.

1-ാം ദിവസം രാത്രി 8.30 മുതൽ ഗാനമേള. അവതരണം : ശ്രീറാം, രവി ശങ്കർ, നിഷാദ്, പ്രീത, സരിത രാജീവ്, കാഞ്ചന ശ്രീറാം.

2-ാം ദിവസം രാത്രി 8 മുതൽ ഡാൻസ്. അവതരണം: തൊഴുവൻ കോട് ക്ഷേത്ര ട്രസ്റ്റ്. **3-ാം ദിവസം** രാത്രി 8.30 മുതൽ ഗാനമേള. അവതരണം : പ്രസിദ്ധ സംഗീത സംവിധായകൻ എം. ജയചന്ദ്രനും സംഘവും. **4-ാം ദിവസം** രാത്രി 8 മുതൽ നാടകം : ഡാൻസ്. അവതരണം: സിനിമ, സീരിയൽ അഭിനേത്രി കുമാരി മഹാലക്ഷ്മിയും സംഘവും. **5-ാം ദിവസം** രാത്രി 8.30 മുതൽ ഗാനമേള : അവതരണം : കിങ്ങിണിക്കൂട്ടം. ആൻ ബെൻസൺ, അവാന്തിക, വൈദേഹി, ആദർശ്, സൂര്യനാരായണൻ, സൂര്യ, മഹാദേവൻ. **6-ാം ദിവസം** രാത്രി 8 മുതൽ നാടകം : വൈറസ്. അവതരണം : സംസ്കൃതി, തിരുവനന്തപുരം. **7-ാം ദിവസം** രാത്രി 8 മുതൽ കേളീസംഗമം (കലാരൂപങ്ങളിലേക്ക് തിരനോട്ടം). സാക്ഷാത്കാരം : ശ്രീവരാഹം അശോക് കുമാർ. അവതരണം : ക്ഷേത്ര കലാകേന്ദ്രം, തിരുവനന്തപുരം. **8-ാം ദിവസം** രാത്രി 8 മുതൽ ഓട്ടൻതുള്ളൽ. അവതരണം: വിശ്വകലാകേന്ദ്രം, ബാലകൃഷ്ണൻ. 9 മുതൽ നാടകം : ലക്ഷ്മി അഥവാ അരങ്ങിലെ അനാർക്കലി. അവതരണം : കോഴിക്കോട് സങ്കീർത്തന. **9-ാം ദിവസം** രാത്രി 8.30 മുതൽ ഹാസ്യസംഗീതിക. അവതരണം : ചലച്ചിത്ര നടൻ ജയരാജ് വാര്യരും കല്ലറഗോപനും നയിക്കുന്നു. **10-ാം ദിവസം** രാത്രി 8 മുതൽ ഓട്ടൻതുള്ളൽ. അവതരണം: വിശ്വകലാകേന്ദ്രം, ബാലകൃഷ്ണൻ, 10 മണി മുതൽ നാടകം - നോട്ടം. അവതരണം : കൊച്ചിൻ നടന. **11-ാം ദിവസം** രാവിലെ 5.30 മുതൽ പൊങ്കാല. രാത്രി 7 മണി മുതൽ ഉരുൾ, രാത്രി 9 മണി മുതൽ താലപ്പൊലി, രാത്രി 10.30 മുതൽ നാടകം : ജീവിതത്തിന് ഒരു അമ്മമുഖം. അവതരണം : ആറ്റിങ്ങൽ ശ്രീധന്യ. വെളുപ്പിന് 3.30-ന് ഗുരുസി.

സ്ത്രീ ഭക്തജനങ്ങളുടെ സൗകര്യാർത്ഥവും തിക്കും തിരക്കും കുറഞ്ഞിരിക്കുന്നതിനുവേണ്ടിയും പൊങ്കാല ഇട്ടുതീരുന്ന മുറയ്ക്ക് നിവേദിച്ചു കൊടുക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു കൊടുക്കുന്നതുമായിരിക്കും.

കഴിഞ്ഞ 49 വർഷങ്ങളായി ഈ ക്ഷേത്രത്തിൽ നിന്ന് യാതൊരു പിരിവും നടത്തിയിട്ടില്ല. ദക്ഷിണയില്ല. രണ്ടുതരം ആളുകളെ സൃഷ്ടിക്കാത്ത ഏക ക്ഷേത്രം. ഇവിടെ പ്രത്യേക പരിഗണന ആർക്കുതന്നെ ഇല്ല. 17.01.2019 മുതൽ 26.01.2019 വരെയുള്ള 10 ദിവസങ്ങളിൽ **ഉച്ചയ്ക്ക് ഒരു മണിക്ക് ഔഷധക്കഞ്ഞി** ഉണ്ടായിരിക്കുന്നതാണ്. പതിനൊന്നു ദിവസം തുടർച്ചയായിട്ട് നടതുറക്കുന്ന തുകൊണ്ട് രണ്ടുദിവസം (29.01.2019 ചൊവ്വാഴ്ചയും 01.02.2019 വെള്ളിയാഴ്ചയും) നട തുറക്കുന്നതല്ല. പൊങ്കാലദിവസം രാവിലെ 7.30 മുതൽ 1.00 മണി വരെ പുരുഷന്മാർക്ക് ക്ഷേത്ര കോമ്പൗണ്ടിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല. താലപ്പൊലി നടക്കുന്ന സമയത്ത് ക്ഷേത്ര ജീവനക്കാരല്ലാത്ത പുരുഷന്മാർക്ക് ക്ഷേത്രത്തിനുള്ളിൽ പ്രവേശനമുണ്ടായിരിക്കുന്നതല്ല. ക്ഷേത്ര കോമ്പൗണ്ടിൽ യാതൊരു കച്ചവടങ്ങളും അനുവദിക്കുന്നതല്ല. ഉത്സവദിവസങ്ങളിൽ എല്ലാ ദിവസവും നടതുറക്കുന്നതാണ്. പകൽ നട അടയ്ക്കുന്നതല്ല. 17.01.2019 മുതൽ താലപ്പൊലി, ഉരുൾ നേർച്ചകൾക്ക് (50 രൂപ) രസീത് വാങ്ങാവുന്നതാണ്. മൊബൈൽ ഫോൺ, വീഡിയോ, ഫോട്ടോ ക്യാമറകൾ തുടങ്ങിയവ ക്ഷേത്ര കോമ്പൗണ്ടിൽ പ്രവർത്തിപ്പിക്കരുത്. ഭക്തജനങ്ങൾ ക്ഷേത്രാചാര മര്യാദകൾ നിർബന്ധമായും പാലിക്കുക. പരിപാടികളിൽ മാറ്റം വരുത്തു വാൻ ക്ഷേത്രം ട്രസ്റ്റിന് അധികാര മുണ്ടായിരിക്കുന്നതാണെന്ന് ചെയർമാൻ അറിയിച്ചു.

ഫോൺ : 0471 - 2362339, 2362357.

ചെറുവാരക്കോണം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം : 3619, ചെറുവാരക്കോണം
നോട്ടീസ്

ചെറുവാരക്കോണം സർവീസ് സഹകരണ ബാങ്കിന്റെ അയ്ങ്കാമം ബ്രാഞ്ചിലേക്കായി സ്വന്തം കെട്ടിടം പണിയുന്നതിനുവേണ്ടി ബ്രാഞ്ചിന്റെ പ്രവർത്തന പരിധിക്കകത്ത് (അയ്ങ്കാമം) സൗകര്യപ്രദമായ സ്ഥലത്ത് 10 സെന്റ് വസ്തു ആവശ്യമുണ്ട്. വസ്തു വില്ക്കാൻ താൽപര്യമുള്ളവർ 7 ദിവസത്തിനകം ബാങ്കുമായി ബന്ധപ്പെടാൻ അറിയിക്കുന്നു.

സെക്രട്ടറി

പോത്തൻകോട് ഗ്രാമപഞ്ചായത്ത്
ക്വൊട്ടേഷൻ / ലേലം

നമ്പർ : 7822/18 തീയതി : 15.12.2018

പോത്തൻകോട് ഗ്രാമ പഞ്ചായത്തിൽ പോത്തൻകോട് ഗവ. യു.പി സ്കൂൾ പഴയ കെട്ടിടം പൊളിച്ച് നീക്കൽ എന്ന പ്രവൃത്തിക്ക് 14.12.2018 രാവിലെ 11 മണിക്ക് നടത്താനിരുന്ന ക്വൊട്ടേഷൻ/ലേലം 18.12.2018 തീയതിയിലേക്ക് മാറ്റിയിരിക്കുന്നു.

ലേലം നടത്തുന്ന തീയതി : 18.12.2018 രാവിലെ 11 മണി. തുടർന്ന് ക്വൊട്ടേഷൻ തുറന്ന് പരിശോധിക്കുന്നതാണ്. നിരതദ്രവ്യം : 5000 രൂപ.

കൂടുതൽ വിവരങ്ങൾ പോത്തൻകോട് പഞ്ചായത്ത് ഓഫീസിൽ നിന്ന് നേരിട്ടും പഞ്ചായത്തിന്റെ (www.tenders.kerala.gov.in) എന്ന Website-ൽ നിന്നും ലഭ്യമാണ്.

(ഒപ്പ്) സെക്രട്ടറി
പോത്തൻകോട് ഗ്രാമ പഞ്ചായത്ത്

മൂന്നാം ചരമവാർഷികം (16.12.2018)

ഗീതമ്മ
സംഗീത്, ദളവാപുരം, ചെറുന്നിയൂർ.

ദുഃഖിതരായ,
ഭർത്താവ്: സുധി. എസ്,
മകൻ: സംഗീത്. എസ്,
മറ്റ് കുടുംബാംഗങ്ങൾ.

രണ്ടാം ചരമവാർഷികം (16.12.2018)



വി. പ്രഭാകരൻ
ജയാപൂമുഖം,
UARRA 72, ഉള്ളൂർ,
മെഡിക്കൽ കോളേജ് പി.ഒ,
തിരുവനന്തപുരം - 695 011.
Phone : 9995197036.

ദുഃഖിതരായ,
മക്കൾ : പ്രിജ. J.P,
പ്രിജിത്ത്. J.P,
മരുമക്കൾ :
രാജ് കുമാർ. എസ്,
പ്രിസി. പി.എസ്.

വേർപാടിന്റെ ഒന്നാം വർഷം (16.12.2018)

എം. ഭാസ്കരൻ
(Retd. Senior Auditor, AG's Office)

വേർപാടിന്റെ അഞ്ചാം വർഷം (18.12.2018)

സുധീർ. എം. ബി
(KTDC ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മസ്കറ്റ് ഹോട്ടൽ)

Santha Bhavan, Nedumcaud, Karamana P.O
ഒരിക്കലും മറക്കാത്ത ഓർമ്മകളോടെ, കുടുംബാംഗങ്ങൾ.

'ഞങ്ങളെ തനിച്ചാക്കി അനന്തതയിലേക്ക് മറഞ്ഞിട്ട് ഇന്നേക്ക് രണ്ടു വർഷം തികയുന്നു' (16.12.2018)



ബി. ബാബു
കുഴിവിള വീട്, കോരാണി.
ഭാര്യ : ലിന, മക്കൾ,
മരുമക്കൾ, ചെറുമക്കൾ.

അഞ്ചാം ചരമവാർഷികം (16.12.2018)

അനന്തകൃഷ്ണൻ. M.S
'പുണർതം', കുളത്തൂർ.
മോന്റെ വേർപാടിൽ എന്നും തോരാത്ത കണ്ണീരോടെ,
അച്ഛൻ : മധുസൂദനൻ. പി
അമ്മ : സിന്ധു. സി.ബി,
അനുജൻ : ആദിത്യൻ. എം.എസ്,
മറ്റ് കുടുംബാംഗങ്ങളും.

കേരളത്തിന് നന്ദി,
വമ്പൻ സമ്മാനങ്ങളുടെ ഉത്സവം വൻവിജയമാക്കിയതിന്!

GREAT KERALA SHOPPING UTSAV
NOV 15 - DEC 16, 2018

GKSU ൽ പങ്കെടുക്കാനുള്ള അവസരം ഇന്നുകൂടി മാത്രം

നിങ്ങൾ ചെയ്യേണ്ടത് ഇത്ര മാത്രം
കേരളത്തിലെ ഏതെങ്കിലും ജിഎസ്ടി അംഗീകൃത ഷോപ്പുകളിൽ നിന്നും നവംബർ 15 മുതൽ ഡിസംബർ 16 വരെ ആയിരം രൂപയോ അതിൽ കൂടുതലോ ചെലവഴിച്ച് സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾ 99958 11111 എന്ന നമ്പറിലേക്ക് GKSU എന്ന് ടൈപ്പ് ചെയ്ത് വാട്ട്സാപ്പ് ചെയ്യുക. തുടർനടപടികൾ മറുപടിയായി ലഭിക്കും.

ബമ്പർ സമ്മാനം

4 കോടി- യിലധികം രൂപയുടെ സമ്മാനങ്ങൾ*



സമ്മാനങ്ങൾക്കായ് ഓൺലൈൻ രജിസ്ട്രേഷൻ ചൊവ്വാഴ്ച (18-12-18) വരെ ചെയ്യാവുന്നതാണ്

KALYAN JEWELLERS
1 കോടി രൂപയുടെ ഫ്ളാറ്റ്*

പങ്കെടുക്കാനായി 99958 11111 എന്ന നമ്പർ സേവ് ചെയ്ത ശേഷം GKSU എന്ന് ടൈപ്പ് ചെയ്ത് വാട്ട്സാപ്പ് ചെയ്യൂ

ASSURED PRIZE
GKSU ൽ പങ്കെടുക്കുന്ന ഓരോ വ്യക്തിക്കും കല്യാൺ ജ്വല്ലേഴ്സ് നൽകുന്ന 1000 രൂപയുടെ ഡിസ്കൗണ്ട് വൗച്ചർ* സമ്മാനം

കൂടുതൽ വിവരങ്ങൾക്കും നിബന്ധനകൾക്കും log on to : www.gksu.in

KALYAN DEVELOPERS | HITEX INNER WEAR | KAFF | LEVER ayush | ESAF | WONDERLA | AS Bismi | JOS ALUKKAS | QRS

Brought to you by
കേരളത്തിലെ മാധ്യമ കൂട്ടായ്മ
PRINT • TV • DIGITAL • RADIO